## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 4535 — 25.10.2016 -ൽ മറുപടിയ്ക്ക്

## കേരള ട്രാവൽ മാർട്ട്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം. വിൻസെന്റ്<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ. അനിൽ അക്കര : | | ശ്രീ. എ.സി.മൊയ്തീൻ, സഹകരണവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി | |
| എ) | സംസ്ഥാനത്ത് കേരള ട്രാവൽ മാർട്ട് നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) | ട്രാവൻകൂർ-കൊച്ചിൻ ലിറ്ററി, സയന്റിഫിക് ആൻഡ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട്-1995 പ്രകാരം രജിസ്റ്റർ ചെയ്ത സ്വകാര്യ സ്ഥാപനമാണ് KTM-സൊസൈറ്റി. ഇവർ രണ്ട് വർഷത്തെ ഇടവേളകളിൽ കേരള ട്രാവൽ മാർട്ട് സംഘടിപ്പിച്ചുവരുന്നു. ടൂറിസം വകുപ്പ് ഇതിന്റെ നടത്തിപ്പിലേക്കായി ധനസഹായം (സ്പോൺസർഷിപ്പ്) നൽകി വരാറുണ്ട്. 9-ാം മത്തെ KTM 2016 സെപ്തംബർ മാസം സംഘടിപ്പിച്ചിട്ടുണ്ട്. |
| ബി) | ട്രാവൽ മാർട്ടിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിച്ചതെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം; | ബി) യും സി) യും | കേരളത്തിലെ ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന ചെറുതും വലുതുമായ സംരംഭകർക്ക് അവരുടെ സേവനങ്ങളും മറ്റും ലോകമെമ്പാടും നിന്നുമെത്തുന്ന ടൂറിസം |

| | | | |
|---|---|---|---|
| സി) | ഇതിന്റെ നടത്തിപ്പിലൂടെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | | വ്യാപാര സംരംഭകർക്ക് മുന്നിൽ പ്രദർശിപ്പിക്കാനും അതുവഴി കൂടുതൽ വ്യാപാരം നടത്തുന്നതിനും വേണ്ടിയാണ് പ്രധാനമായും കേരള ട്രാവൽ മാർട്ട് കൊണ്ട് ലക്ഷ്യമിടുന്നത്. ഇതുവഴി കേരളത്തിലെ ഓരോ സംരംഭകനും ഗണ്യമായ വ്യാപാര വർദ്ധനവ് ഉണ്ടാകുന്നുണ്ട്. ഈ മേളയുടെ പ്രധാന ഉദ്ദേശ്യവും അതുതന്നെയാണ്. ടൂറിസം രംഗത്തിന്റെ മൊത്തത്തിലുള്ള പുരോഗമനമാണ് ഇതുമൂലം സാധ്യമാകുന്നത്. ഈ അർത്ഥത്തിൽ കേരള ട്രാവൽ മാർട്ടിലൂടെ നേടാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ കൈവരിക്കുന്നുണ്ടെന്ന് പറയാൻ കഴിയും. |

സെക്ഷൻ ഓഫീസർ